(സി) ഐ. എം. ജി. അയച്ചുതന്ന രേഖകൾപ്രകാരം 13241 പേരെ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിലേക്കുള്ള പരീക്ഷയ്ക്കും 8551 പേരെ ലാസ്റ്റ്ഗ്രേഡ് തസ്തികയിലേക്കുള്ള പരീക്ഷയ്ക്കും വിധേയമാക്കി.

(ഡി—എഫ്) സർക്കാരിന് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ സർവ്വകലാശാലയോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. മറുപടി ലഭ്യമായിട്ടില്ല.

(ജി) നിയമനം ലഭിച്ച എല്ലാ ആളുകളുടേയും അപേക്ഷകൾ സർവ്വകലാശാലയുടെ കൈവശമുണ്ട് എന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

കേരള സർവ്വകലാശാല ഡിഗ്രി സർട്ടിഫിക്കറ്റുകൾ അച്ചടിക്കുന്നതിൽ പരിഷ്ക്കാരവും വി. സി.-യുടെ ഒപ്പും

400 [2463] ശ്രീ. തമ്പാനൂർ രവി:

,, എൻ. ഡി. അപ്പച്ചൻ:

,, ഡി. സുഗതൻ:

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല ഡിഗ്രി സർട്ടിഫിക്കറ്റുകൾ അച്ചടിക്കുന്നതിൽ എന്തെല്ലാം പരിഷ്ക്കാരമാണ് വരുത്തിയത്; അതിന്റെ മെച്ചം എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഡിഗ്രി സർട്ടിഫിക്കറ്റുകളിൽ ഹോളോഗ്രാം ഒട്ടിക്കുന്നുണ്ടോ; എങ്കിൽ അത് സ്ഥിരമായി ഡിഗ്രി സർട്ടിഫിക്കറ്റിൽ ഒട്ടിയിരിക്കുന്നുണ്ടോ; ഇല്ലാത്തപക്ഷം അതുകൊണ്ടുള്ള ന്യൂനത എന്താണ് എന്ന് വ്യക്തമാക്കുമോ;

(സി) ഡിഗ്രി സർട്ടിഫിക്കറ്റിൽ ഏതെല്ലാം അക്ഷരങ്ങൾ തമ്മിലാണ് കാഴ്ചയിൽ യാതൊരു വ്യത്യാസവുമില്ലെന്ന് തോന്നുന്നത്; ഇതുമൂലം ഉണ്ടാകുന്ന ന്യൂനത എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) കേരള സർവ്വകലാശാലയിൽ ആര് വൈസ്ചാൻസലറായിരിക്കുമ്പോഴാണ് ഡിഗ്രി സർട്ടിഫിക്കറ്റുകൾക്ക് പരിഷ്ക്കാരം വരുത്തിയത് എന്ന് വ്യക്തമാക്കാമോ; ഡിഗ്രി സർട്ടിഫിക്കറ്റുകളിൽ കഴിഞ്ഞ ഏതാനും കാലമായി വൈസ്ചാൻസലർ വ്യത്യസ്ത ഒപ്പാണോ ഇട്ടുവന്നത്; എങ്കിൽ ഇപ്രകാരം വ്യത്യസ്ത ഒപ്പിട്ട വി. സി. ആരാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കയ്യെഴുത്ത് ബിരുദങ്ങൾ നൽകുന്നത് നിറുത്തലാക്കി കമ്പ്യൂട്ടർ സഹായത്തോടെ തയ്യാറാക്കുന്ന ഹോളോഗ്രാം ബിരുദം നൽകുന്ന പരിഷ്ക്കാരമാണ് വരുത്തിയത്. അക്ഷരങ്ങളുടെ വിന്യാസരീതിയും രഹസ്യ സുരക്ഷാകോഡുകളും ഉള്ളതിനാൽ വ്യാജസർട്ടിഫിക്കറ്റ് നിർമ്മിതി ദുഷ്ക്കരമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഹോളോഗ്രാമോടുകൂടിയ ഫോമുകൾ മാത്രമാണ് സർട്ടിഫിക്കറ്റ് തയ്യാറാക്കാൻ ഉപയോഗിക്കുന്നത്. ഇതിൽ ന്യൂനതയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഐ. ജെ. കെ. എൽ. പി. കൃ. ആർ. റ്റി. എന്നിവ തമ്മിൽ തിരിച്ചറിയാൻ ബുദ്ധുമുട്ടുള്ളതായി കണ്ടതിനാൽ ഈ അക്ഷരങ്ങളുടെ വിന്യാസ രീതി മാറ്റാൻ സർവ്വകലാശാല നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഡോ. ബി. ഇക്ബാൽ വൈസ്ചാൻസലർ ആയിരിക്കുമ്പോഴാണ് പരിഷ്ക്കാരം വരുത്തിയത്. വ്യത്യസ്ത ഒപ്പ് സംബന്ധിച്ച പരാതിയൊന്നും ലഭിച്ചിട്ടില്ല.

കോഴിക്കോട് സർവ്വകലാശാലയിലെ പരീക്ഷാഫീസും കേന്ദ്രീകൃത മൂല്യനിർണ്ണയവും

401 [2465] ശ്രീ. എൻ. ഡി. അപ്പച്ചൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. തമ്പാനൂർ രവി:
,, ഡി. സുഗതൻ:
,, ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരീക്ഷ സംബന്ധിച്ച് കോഴിക്കോട് സർവ്വകലാശാല ചെയ്യുന്ന എന്തെല്ലാം സേവനങ്ങൾക്കുവേണ്ടിയാണ് പരീക്ഷാ ഫീസ് വാങ്ങുന്നത്;

(ബി) ഇതിൽ പരീക്ഷയുടെ ഉത്തരക്കടലാസിന്റെ മൂല്യനിർണ്ണയം ഉൾപ്പെടുമോ;

(സി) കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന്റെ പേരിൽ പ്രത്യേകം ഫീസ് അടയ്ക്കണമെന്ന് കോഴിക്കോട് സർവ്വകലാശാല വിദ്യാർത്ഥികളോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് ഒരു ഉത്തരക്കടലാസിന് വരുന്ന ചെലവ് എത്രയാണ്;

(ഇ) കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന്റെ പേരിൽ ഉത്തരക്കടലാസ് ഒന്നിന് എത്ര രൂപ വീതം അടയ്ക്കണമെന്നാണ് സർവ്വകലാശാല ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പരീക്ഷാ നടത്തിപ്പിനും മാർക്ക് ലിസ്റ്റിനും കേന്ദ്രീകൃത മൂല്യനിർണ്ണയത്തിനും.

(ബി) ഉൾപ്പെടും.

(സി) കേന്ദ്രീകൃത മൂല്യനിർണ്ണയം നടത്തുന്ന പരീക്ഷകൾക്ക് സർവ്വകലാശാല കേന്ദ്രീകൃത മൂല്യനിർണ്ണയ ഫീസ് ഈടാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly